(എഫ്)പ്രസ്തുത സ്ഥാപനത്തിലെ ഇപ്പോഴുള്ള സൗകര്യങ്ങൾവച്ച് ഉൽപ്പാദനശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

34 (326) വിദേശമദ്യത്തിന്റെ ബ്ലെന്റിംഗ്, ബോട്ടിലിംഗ്

ശ്രീ. കെ.കെ.രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. എ.കെ. മണി :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വിദേശമദ്യം നിർമ്മിക്കുന്നതും ബ്ലെൻഡിംഗും ബോട്ടിലിംഗും നടത്തുന്നതുമായ എത്ര പ്ലാന്റുകൾ സംസ്ഥാനത്തുണ്ടായിരുന്നു;

(ബി) ഇവയുടെ പ്രതിദിന ഉല്പാദനശേഷി എത്ര ലിറ്റർ വീതമായിരുന്നു;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇവയുടെ ഉല്പാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര വീതം വർദ്ധിപ്പിച്ചുവെന്ന് അറിയിക്കുമോ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിദേശമദ്യം നിർമ്മിക്കുന്നതിനും ബ്ലെൻഡിംഗും ബോട്ടിലിംഗും നടത്തുന്നതിനുമുള്ള അനുവാദം നല്കിയിട്ടുണ്ടോ;

(എഫ്)എങ്കിൽ ആർക്കെല്ലാം എവിടെയെല്ലാമാണെന്ന് അറിയിക്കുമോ;

(ജി) ഇവയുടെ പ്രതിദിന ഉല്പാദനശേഷി എത്രവീതമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പന്ത്രണ്ട് എണ്ണം.

(ബി) ഇവയുടെ പ്രതിദിന ഉല്പാദനശേഷി ചുവടെ ചേർക്കുന്നു.

	പേര്	പ്രതിദിന ഉല്പാദന ശേഷി കെയ്സുകളിൽ
1.	യുണൈറ്റഡ് ഡിസ്റ്റിലറി, വേങ്ങിലപ്പാറ	2100
2.	കേരള ഡിസ്റ്റിലറീസ് ആന്റ് അലൈഡ് പ്രോഡക്ട്സ്, പാലക്കാട്	3000
3.	തോട്ടക്കാട് ഡിസ്റ്റിലറി, ആലുവ	400
4.	കെയ്സ് ഡിസ്റ്റിലറി, പുതുക്കാട്	5000
5.	പോൾസൺ ഡിസ്റ്റിലറി, ചാലക്കുടി	2500
6.	സെവൻസീസ് ഡിസ്റ്റിലറി, മണ്ണുത്തി	5000
7.	കേരള ആൾക്കഹോളിക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്	2900
8.	സൂപ്പർസ്റ്റാർ ഡിസ്റ്റിലറീസ്, തൃശ്ശൂർ	2000

LIBRARY ARCHIVES Kerala Legislative Assembly

9.	മാക്ഡവൽ ആന്റ് കമ്പനി, ചേർത്തല	3500
10.	ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്, തിരുവല്ല	1200
11.	കാസനോവ ഡിസ്റ്റിലറീസ്, കോട്ടയം	450
12.	സൗത്ത് ട്രാവൻകൂർ ഡിസ്റ്റിലറീസ്, നെയ്യാറ്റിൻകര	2400

(സി)&(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഉണ്ട്.

(എഫ്) 1) അമൃത് ഡിസ്റ്റിലറീസ് ലിമിറ്റഡ്, ബാംഗ്ലൂരിന് പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്ട്

2) എം.പി. ഡിസ്റ്റിലറീസ് മദ്രാസിന് പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്ട്

3) കെ.എസ്.ഡിസ്റ്റിലറിക്ക് കണ്ണൂരിൽ

4) എലൈറ്റ് ഗ്രൂപ്പ് ഓഫ് കമ്പനീസിന് തൃശ്ശൂരിൽ

(ജി) വിവരം ശേഖരിച്ചു വരുന്നു.

35 (327) നിയമപ്രകാരം സൂക്ഷിക്കാവുന്ന മദ്യത്തിന്റെ അളവ്

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഫെബ്രുവരി 5-ാം തീയതിക്കു മുമ്പ് നിലവിലിരുന്ന നിയമപ്ര കാരം ഒരാളിന് പെർമിറ്റില്ലാതെ കൈവശം സൂക്ഷിക്കുകയോ ട്രാൻസ്പോർട്ട് ചെയ്യുകയോ ചെയ്യാവുന്ന മൊത്തം മദ്യത്തിന്റെ അളവ് എത്രയായിരുന്നു;

(ബി) 1999 ഫെബ്രുവരി 5-ാം തീയതി നിലവിൽ വന്ന ഉത്തരവുകൾ അനുസരിച്ച് പെർമിറ്റു കൂടാതെ ഓരോ ഇനത്തിലും പെട്ട വൈനും ബിയറും ഉൾപ്പെടെയുള്ള മദ്യം ഒരേ സമയത്ത് എത്രമാത്രം വീതം കൈവശം വയ്ക്കു വാനോ ട്രാൻസ്ഫർ ചെയ്യുവാനോ ഒരാൾക്ക് അനുവദിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത ഉത്തരവുകൾ പ്രകാരം ഒരാളിന് ഒരു സമയം പെർമിറ്റ് കൂടാതെ കൈവശം വയ്ക്കാവുന്ന ബിയറും വൈനും ഉൾപ്പെടെ വിവിധ ഇനത്തിൽപ്പെടുന്ന ഒട്ടാകെ മദ്യത്തിന്റെ അളവെത്രയാണ്; ഒരു കുടും ബത്തിൽപ്പെട്ട ഓരോരുത്തർക്കും പെർമിറ്റ് കൂടാതെ ഇത്രയും മദ്യം സൂക്ഷി ക്കാൻ കഴിയുമോ?

ഉത്തരം

(എ) 4.5 ലിറ്റർ

(ബി) കള്ള് 2.5 ലിറ്റർ

ഇൻഡ്യൻ നിർമ്മിത വിദേശമദ്യം 1.5 ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly